# മുഹമ്മദ് നബി(സ)
# മതഭീകരവാദത്തിനെതിരെ

യുകെയിലെ ബൈത്തുൽ ഫുത്തൂഹ് മോസ്കിൽ വെച്ച് 2016 മാർച്ച് 19-ാം തിയ്യതി നടന്ന 13-ാം ദേശീയ പീസ് സിംപോസിയത്തിൽ അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ ആഗോള നേതാവ് നടത്തിയ മുഖ്യപ്രഭാഷണം.



അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ ആഗോളനേതാവ് ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് അയ്യദഹു തശഹ്ഹുദു തഅവ്വുദും ബിസ്മിയും ഓതിയതിന്ന് ശേഷം പ്രഭാഷണം ആരംഭിച്ചു.

*ബിസ്മില്ലാഹിർറഹ്മാനി റഹീം* (പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ.

*അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹ്.* (അല്ലാഹുവിന്റെ ശാന്തിയും അനുഗ്രഹവും നിങ്ങളിലെല്ലാവരിലും ഉണ്ടായിരിക്കട്ടെ.)

ആദ്യമായി ഈ സായാഹ്നത്തിൽ ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിയ എല്ലാ മാന്യ അതിഥികൾക്കും എന്റെ ഹാർദ്ദമായ നന്ദി പറയാൻ ഞാനീ സന്ദർഭം ഉപയോഗിക്കുന്നു. ഭീകരസംഘങ്ങളുടെ ഭയജനകവും നീചവുമായ പ്രവർത്തനങ്ങൾ മൂലം അധികരിച്ചുവരുന്ന ഇസ്‌ലാം ഭീതിയുടെ ഈ അവസരത്തിൽ ഇത്തരത്തിലുള്ള ഒരു പരിപാടിയിലുള്ള നിങ്ങളുടെ സാന്നിദ്ധ്യം വളരെ ശ്രദ്ധേയമാണ്.

ഉദാഹരണത്തിന്ന് കഴിഞ്ഞ നവംമ്പറിൽ പാരീസിൽ ഒരു ഭീകരാക്രമണം നടന്നത് ലോകം ഭീതിയോടെ നോക്കിക്കാണുകയുണ്ടായി. ഇത് കൂടാതെ വിവിധരാജ്യങ്ങളിൽ ആത്മഹത്യാബോംബ് സ്ഫോടനങ്ങൾ ഇടതടവില്ലാതെ നടന്നുകൊണ്ടിരിക്കുന്നു. ഈയ്യിടെ യുണൈറ്റഡ് കിംങ്ഡത്തിലെ അസിസ്റ്റൻഡ് പോലീസ് കമ്മീഷണർ താക്കീത് ചെയ്തത് ദായിശ് (ISIS) യുകെയിൽ പൊതുസ്ഥലത്ത് '*ബൃഹത്തായതും കിടിലം കൊള്ളിക്കുന്നതുമായ*' ഒരു ഭീകരാക്രമണം ആസൂത്രണം ചെയ്യുന്നുണ്ട് എന്നാണ്.

അതിനേക്കാൾ കൂടുതലായി കഴിഞ്ഞ വർഷങ്ങളിൽ യൂറോപ്പിലേക്ക് പെട്ടെന്ന് അഭയാർത്ഥികളുടെ ഒരു കൂട്ട പ്രവാഹമുണ്ടായിരിക്കുന്നു. ഇതും ഒരളവോളം പല ആളുകൾക്കിടയിലും ഭീതിയും,

***അതിനേക്കാൾ കൂടുതലായി കഴിഞ്ഞ വർഷങ്ങളിൽ യൂറോപ്പിലേക്ക് പെട്ടെന്ന് അഭയാർത്ഥികളുടെ ഒരു കൂട്ടപ്രവാഹമുണ്ടായിരിക്കുന്നു. ഇതും ഒരളവോളം പല ആളുകൾക്കിടയിലും ഭീതിയും, അരക്ഷിതാവസ്ഥയും പരിഭ്രാന്തിയും സൃഷ്ടിച്ചിരിക്കുന്നു.***

അരക്ഷിതാവസ്ഥയും പരിഭ്രാന്തിയും സൃഷ്ടിച്ചിരിക്കുന്നു. ഈ വസ്തുതകളുടെയെല്ലാം വെളിച്ചത്തിൽ ഒരു മുസ്‌ലിംസമൂഹം സംഘടിപ്പിച്ച ഈ പരിപാടിയിൽ അമുസ്‌ലിംകളായ നിങ്ങൾ പങ്കെടുക്കുമ്പോൾ നിങ്ങളുടെ ധീരതയും സഹിഷ്ണുതയും ഹൃദയവിശാലതയുമാണ് തെളിയുന്നത്.

വാസ്തവത്തിൽ ലളിതമായ സത്യമെന്താണെന്ന് വെച്ചാൽ യഥാർത്ഥ ഇസ്‌ലാമിനെ ആർക്കും തന്നെ ഭയപ്പെടേണ്ട യാതൊരാവശ്യവുമില്ല. ചില ആളുകൾ ഇസ്‌ലാം, ഭീകരതയുടെ മതമാണ് എന്ന് അവകാശപ്പെടുന്നവരാണ്. ഈയൊരു അവകാശവാദം ഉന്നയിച്ചുകൊണ്ട് ആത്മഹത്യാ ആക്രമണങ്ങൾ സംഘടിപ്പിക്കുന്നു. അല്ലെങ്കിൽ ഭീകരതയുടെ മറ്റു രൂപങ്ങൾ പ്രാവർത്തികമാക്കുന്നു. ഇത് ഒരിക്കലും സത്യത്തിൽ നിന്ന് അകലെയുള്ള കാര്യമല്ല. ഈയ്യിടെ അറിയപ്പെടുന്ന ഒരു ഇംഗ്ലീഷ് കോളമെഴുത്തുകാരൻ 'ഇസ്‌ലാമോഫോബിയ (ഇസ്‌ലാം ഭീതി) യുടെ ഉയിർത്തെഴുന്നേൽപ്' എന്ന പേരിൽ ഒരു ദേശീയ പത്രത്തിൽ ലേഖനമെഴുതുകയുണ്ടായി. അദ്ദേഹം എഴുതുന്നതെന്താണെന്ന് വെച്ചാൽ അദ്ദേഹം ആത്മഹത്യാബോംബ് സ്ഫോടനങ്ങളെക്കുറിച്ച് ധാരാളം ഗവേഷണങ്ങൾ നടത്തുകയുണ്ടായി. അദ്ദേഹം കണ്ടെത്തിയത്, 1980ലാണ് അത്തരത്തിൽ ഒരു സ്ഫോടനം ആദ്യമായി നടന്നത് എന്നാണ്.

***ഈയ്യിടെ അറിയപ്പെടുന്ന ഒരു ഇംഗ്ലീഷ് കോളമെഴുത്തുകാരൻ 'ഇസ്‌ലാമോഫോബിയ (ഇസ്‌ലാം ഭീതി)യുടെ ഉയിർത്തെഴുന്നേൽപ്പ്' എന്ന പേരിൽ ഒരു ദേശീയപത്രത്തിൽ ലേഖനമെഴുതുകയുണ്ടായി. അദ്ദേഹം എഴുതുന്നതെന്താണെന്ന് വെച്ചാൽ അദ്ദേഹം ആത്മഹത്യാബോംബ് സ്ഫോടനങ്ങളെക്കുറിച്ച് ധാരാളം ഗവേഷണങ്ങൾ നടത്തുകയുണ്ടായി.അദ്ദേഹം കണ്ടെത്തിയത്, 1980ലാണ് അത്തരത്തിൽ ഒരു സ്ഫോടനം ആദ്യമായി നടന്നത് എന്നാണ്. സത്യമെന്താണെന്ന് വെച്ചാൽ 1300 വർഷങ്ങളായി ഇസ്‌ലാമിന്റെ അസ്തിത്വം ഇവിടെയുണ്ട്.***

സത്യമെന്താണെന്ന് വെച്ചാൽ 1300 വർഷങ്ങളായി ഇസ്‌ലാമിന്റെ അസ്തിത്വം ഇവിടെയുണ്ട്. അദ്ദേഹം ഉപസംഹരിക്കുന്നത്. ഇസ്‌ലാം ചാവേറാക്രമണം (സൂയിസയ്ഡ് ബോംബിംങ്ങ്) അനുവദിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുമായിരുന്നെങ്കിൽ അത് ഇസ്‌ലാം മതത്തിന്റെ ആരംഭത്തിൽ തന്നെ കാണുമായിരുന്നു. അദ്ദേഹത്തിന്റെ വാദം വസ്തുനിഷ്ഠവും യുക്തിഭദ്രവുമായിരുന്നു. സൂയിസയ്ഡ് ബോംബിംങ്ങ് സമാധാനപൂർണ്ണമായ ഇസ്‌ലാം മതത്തിന്റെ അദ്ധ്യാപനങ്ങളിൽ നിന്നും തികച്ചും വിദൂരസ്ഥമായ ആധുനികകാലത്തെ ഒരു തിന്മയാണ്. തീർച്ചയായും ഇസ്‌ലാം വ്യക്തമായും ആത്മഹത്യയുടെ സകലരൂപങ്ങളേയും നിരോധിക്കുന്നതിനാൽ ആത്മഹത്യാ ആക്രമത്തിന്നും ഭീകരവാദത്തിന്റെ മറ്റെല്ലാ രൂപങ്ങൾക്കും ഇസ്‌ലാമിൽ യാതൊരു നീതികരണവുമില്ല.

അത്തരം ഭീകരാക്രമണങ്ങളിൽ സ്ത്രീകളും കുട്ടികളും പൊതുജനങ്ങൾക്കിടയിലെ മറ്റാളുകളും കൊല്ലപ്പെടുകയും പൈശാചികമായ രീതിയിൽ അറുകൊല ചെയ്യപ്പെടുകയും ചെയ്യുന്നു. ഈയ്യിടെ ടെക്സാസിലെ ഹുസ്റ്റണിലുള്ള റൈസ് യൂണിവേഴ്സിറ്റി (Rice University) യിലെ ഡോ. കൺസിഡൈൻ പ്രസിദ്ധീകരിച്ച ഒരു ഗവേഷണ പ്രബന്ധത്തിൽ വ്യക്തമായും പറയുന്നത് ഇസ്‌ലാമിക് സ്റ്റേറ്റ് (ISIS) എന്ന് പറയപ്പെടുന്ന സംഘടനയുടെ ക്രിസ്ത്യൻ പീഢനങ്ങൾ ഒരിക്കലും തന്നെ മുഹമ്മദ് നബി(സ)യുടെ പേരിൽ ന്യായീകരിക്കാൻ കഴിയാത്തതാണ് എന്നാണ്. അതിൽ കൂടുതലായി ആ ലേഖനം പറയുന്നത് ഒരു മുസ്‌ലിംരാജ്യത്തെക്കുറിച്ചുള്ള പ്രവാചകന്റെ ദർശനം ബഹുസ്വരതയിലും പൗരാവകാശത്തിലും അധിഷ്ഠിതമാണ് എന്നാണ്.

അത്തരം ഹീനകൃത്യങ്ങൾ ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്ക് തികച്ചും വിരുദ്ധമാണെന്ന് വ്യക്തമാക്കട്ടെ. ഇസ്‌ലാം ഏതെങ്കിലും സന്ദർഭത്തിൽ യുദ്ധം അനുവദിക്കപ്പെട്ടെങ്കിൽ അത് പ്രതിരോധയുദ്ധമായിരുന്നു. യുദ്ധം മുസ്‌ലിംകളുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ടതിന്ന് ശേഷമായിരുന്നു അത്തരം പ്രതിരോധയുദ്ധങ്ങൾക്ക് അനുമതി നൽകപ്പെട്ടത്. വിശുദ്ധ ഖുർആൻ അദ്ധ്യായം 22 വചനം 40 പറയുന്നു. 'യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടവർക്ക് തിരിച്ച് യുദ്ധം ചെയ്യാൻ അനുമതി നൽകപ്പെട്ടിരിക്കുന്നു.' അതേ വചനത്തിൽ അല്ലാഹു പറയുന്നത് മതപരമായ യുദ്ധത്തിൽ അക്രമം ചെയ്യപ്പെട്ടവനെ, അല്ലാഹു സഹായിക്കുകയും പിന്തുണക്കുകയും ചെയ്യുമെന്നാണ്. ഇസ്‌ലാമിന്റെ ആദ്യകാലത്ത് യഥാർത്ഥത്തിലുള്ള മതയുദ്ധം നടന്നത് സർവ്വത്രികമായ മതസ്വാതന്ത്ര്യത്തിന്റെ മൂലതത്വങ്ങളുടെ സംസ്ഥാപനത്തിന്ന് വേണ്ടിയായിരുന്നു. ഈയൊരു ഉദ്ദേശത്തോടെ പടപൊരുതിയ മുസ്‌ലിംകൾ ജേതാക്കളായിമാറി എന്ന് ചരിത്രം തെളിവ് നൽകുന്നു. നിരായുധരായ ഒരു കൂട്ടം മുസ്‌ലിംകൾ സായുധരായ




(അയ്യദഹു)
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
13-ാം ദേശീയ പീസ് സിംമ്പോസിയത്തിൽ പ്രേക്ഷകരെ അഭിസംബോധന ചെയ്യുന്നു

വലിയ ഒരു സൈന്യത്തിന്നെതിരെ യുദ്ധം ചെയ്താ യിരുന്നു അവർ വിജയം കരസ്ഥമാക്കിയത്.

എന്തായാലും ഒരു മുസ്‌ലിം എന്ന നിലക്ക് ഇന്ന് മുസ്‌ലിംകൾ ഏർപ്പെട്ടിരിക്കുന്ന യുദ്ധങ്ങളെപ്പറ്റി ഞാൻ വിശകലനം ചെയ്ത് മനസ്സിലാക്കിയപ്പോൾ എനിക്ക് ബോദ്ധ്യമായത് അവർ ചെയ്യുന്ന യുദ്ധങ്ങളൊന്നും മതയുദ്ധങ്ങളായി ഗണിക്കാൻ സാധ്യമല്ല എന്നാണ്. ഒന്നാമതായി മുസ്‌ലിം ലോകത്ത് നടന്നു കൊണ്ടിരിക്കുന്ന മിക്ക യുദ്ധങ്ങളും മുസ്‌ലിം രാജ്യങ്ങളിലെ അഭ്യന്തരകലാപങ്ങളാണ്. അല്ലെങ്കിൽ അയൽപക്കത്തെ മുസ്‌ലിം രാജ്യവുമായുള്ള യുദ്ധമാണ്. രണ്ടാമതായി എപ്പോഴെങ്കിലും ഈ യുദ്ധങ്ങളിൽ അമുസ്‌ലിം രാജ്യങ്ങൾ ഇടപെട്ടിട്ടുണ്ടെങ്കിൽ അവർ ഒരിക്കലും ഇതൊരു മതയുദ്ധമായി പ്രഖ്യാപിച്ചിട്ടില്ല. അവർ ഇരുപക്ഷത്തുമുള്ള മുസ്‌ലിംകളെ സഹായിക്കുകയും ചെയ്യുന്നു. അതായത് ഇന്ന് മുസ്‌ലിംങ്ങൾ നടത്തുന്ന യുദ്ധങ്ങൾ ഇസ്‌ലാമിന്റെ പേരിലുള്ള യുദ്ധമോ മതത്തിന്റെ പേരിലുള്ള യുദ്ധമോ അല്ല. അവർ യുദ്ധം ചെയ്യുന്നത് സാമ്പത്തികമോ ഭൂദേശപരമായ നേട്ടത്തിനോ വേണ്ടിയുള്ള യുദ്ധമാണ്. അവരുടെ യുദ്ധം ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്തുന്ന യുദ്ധമാണ്.

ഞാൻ ഇപ്പോൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാമിന്റെ പേരിൽ യാതൊരു ഭീതിയുടെയും ആവശ്യമില്ല എന്ന് വ്യക്തമായതായി ഞാൻ കരുതുന്നു. ഇസ്‌ലാം മതം ഒരിക്കലും തീവ്രവാദമോ ആത്മഹത്യാ ബോംബ്സ്ഫോടനമോ വിവേകശൂന്യമായ അക്രമങ്ങളോ അനുവദിക്കുന്നില്ല. ഇസ്‌ലാമോ ഫോബിയ (ഇസ്‌ലാം ഭീതി)യുടെ യാതൊരു ആവശ്യവുമില്ല ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനം ശാന്തിയും സഹിഷ്ണുതയും പരസ്പരം ബഹുമാനവുമാണ്. ഇസ്‌ലാമികപാഠങ്ങൾ മാനവികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതും എല്ലാ മനുഷ്യരുടെയും അന്തസ്സും സ്വാതന്ത്ര്യവും ഉയർത്തിപ്പിടിക്കുന്നതുമാണ്.

കാര്യമെന്തായാലും തീർച്ചയായും ഇസ്‌ലാമിന്റെ പേരിൽ അങ്ങേയറ്റം ഹീനമായ ഭീകരകൃത്യങ്ങൾ

***സർവ്വശക്തനായ അല്ലാഹു സകല ജനത്തിന്റെ ദായകനും നിലനിർത്തുന്നവനും പരിപാലകനും പരമകാരുണികനും കരുണാനിധിയുമായിരിക്കെ അവനിൽ വിശ്വസിക്കുന്നവർ അവന്റെ സൃഷ്ടികളെ നിർദ്ദയമായി വധിക്കുന്നതും അവരെ ക്രൂരമായി മർദ്ദിക്കുന്നതും ഉപദ്രവിക്കുന്നതും ഏതെങ്കിലും വിധത്തിൽ ഇഷ്ടപ്പെടുമോ? അതിന്നുള്ള ഉത്തരം തീർച്ചയായും അത് സാധ്യമല്ല എന്നാണ്.***

ചില തീവ്രവാദികളും ഇസ്‌ലാമിക ഗ്രൂപ്പുകളും നടത്തുന്നത് സംബന്ധിച്ച് നാമെല്ലാം ജാഗരൂഗരാണ്. ഞാൻ മുമ്പ് ഉദ്ദരിച്ച ഖുർആൻ വചനപ്രകാരം ഇസ്‌ലാം യാതൊരു വിധത്തിലുള്ള ഭീകരപ്രവർത്തനത്തിന്റെ രൂപങ്ങളും അനുവദിക്കുകയോ ന്യായീകരിക്കുകയോ ചെയ്യുന്നില്ല. മറ്റൊരു സുപ്രധാനമായ കാര്യം, ഒരു മുസ്‌ലിം എന്ന നിലക്ക് യുദ്ധത്തിലേക്കും കലാപത്തിലേക്കും എന്നെ നയിക്കുന്നതിന്ന് പകരം മനുഷ്യവംശത്തെയാകമാനം സ്നേഹിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത് വിശുദ്ധ ഖുർആനിലെ പ്രഥമാദ്ധ്യായത്തിലെ ദിത്വീയ വചനമാണ്. അതായത് '*സകല പ്രപഞ്ചത്തിന്റെയും ദായകനും നിലനിർത്തി പരിപാലിക്കുന്നവനും*' ത്രിത്തീയ വചനത്തിൽ '*പരമകാരുണികൻ കരുണാനിധി*' എന്നാണ് പറയുന്നത്.

സർവ്വശക്തനായ അല്ലാഹു സകല ജനത്തിന്റെ ദായകനും നിലനിർത്തുന്നവനും പരിപാലകനും പരമകാരുണികനും കരുണാനിധിയുമായിരിക്കെ അവനിൽ വിശ്വസിക്കുന്നവർ അവന്റെ സൃഷ്ടികളെ നിർദ്ദയമായി വധിക്കുന്നതും അവരെ ക്രൂരമായി മർദ്ദിക്കുന്നതും ഉപദ്രവിക്കുന്നതും ഏതെങ്കിലും വിധത്തിൽ ഇഷ്ടപ്പെടുമോ? അതിന്നുള്ള ഉത്തരം തീർച്ചയായും അത് സാധ്യമല്ല എന്നാണ്. സർവ്വശക്തനായ അല്ലാഹു ക്രൂരതയും മനുഷ്യത്വ വിരുദ്ധതയും അനീതിയും നിർത്തലാക്കാനാണ് തീർച്ചയായും അനുമതി നൽകിയത്.

മർദ്ദകന്റെ കൈ തടഞ്ഞുകൊണ്ട് എല്ലാ അനീതിക്കും അക്രമത്തിന്നും അറുതിവരുത്താൻ ഒരു മുസ്‌ലിം യത്നിക്കണമെന്നാണ് ഇസ്‌ലാം പറയുന്നത്. ഇസ്‌ലാമികരീതിയനുസരിച്ച് ഇത് പ്രാപ്യമാകാൻ രണ്ട് വഴികളുണ്ട്. ഒന്നാമതായി പരസ്പര സംവാദത്തിലൂടെയും കൂടിയാലോചനയിലൂടെയും നയതന്ത്രങ്ങളിലൂടെയും സമാധാനം സ്ഥാപിക്കുകയാണ് ഏറ്റവും അഭികാമ്യം. എന്തായാലും തിന്മ തടഞ്ഞുകൊണ്ട് സുസ്ഥിരമായ സമാധാനം സ്ഥാപിക്കാൻ ഇത് കൊണ്ട് സാധ്യമാവുന്നില്ലെങ്കിൽ മാത്രം ശക്തി പ്രയോഗിക്കുക.

മതപരമായ പശ്ചാത്തലത്തിന്ന് പുറമെ അതിക്രമം ഉണ്ടാവുമ്പോൾ സ്വാഭാവികമായും ശിക്ഷണ നടപടികൾ സ്വീകരിക്കാനുള്ള നിയമങ്ങളും ചട്ടങ്ങളും എല്ലാ സമൂഹങ്ങളിലും രാജ്യങ്ങളിലുമുണ്ട്. ഒരു ശിക്ഷ കൂടാതെ തന്നെ അതിക്രമകാരികളെ സംസ്കരിക്കാമെങ്കിൽ അതാണ് ഏറ്റവും നല്ലത്. ഒരു ചെറിയ പിഴയോ താക്കീതോ കൊടുക്കാവുന്നതാണ്. അതുകൊണ്ട് സാധ്യമാവുന്നില്ലെങ്കിൽ അതിക്രമകാരികൾക്ക് ഉചിതമായ കടുത്ത ശിക്ഷ തന്നെ നൽകേണ്ടിവരും മറ്റുള്ളവർക്ക് അത് ഒരു പാഠമാവുകയും ചെയ്യും.

മതപരമായ പശ്ചാത്തലത്തിൽ നോക്കുകയാണെങ്കിൽ ഇസ്‌ലാമിൽ ശിക്ഷയോ ഉപരോധമോ, പകപോക്കലോ പ്രതികാരമോ ആയിട്ടല്ല, അനുവദിക്കപ്പെട്ടിരിക്കുന്നത്. ക്രൂരതയും മർദ്ദനവും അവസാനിപ്പിക്കാനുള്ള ഒരു പരിഷ്ക്കരണാത്മക ഉപാധിയായിട്ടാണ് അവ കണക്കാക്കപ്പെടുന്നത്. ഒരു




സിമ്പോസിയത്തിൽ പങ്കെടുത്ത മുഖ്യപ്രാസംഗികർ ഇടത്തുനിന്ന്: സാക്ക് ഗോൾഡ്സ്മിത്ത് (ലണ്ടൻ മേയർ സ്ഥാനാർഥിയും, റിക്മോണ്ട് പാർക്ക് എം.പിയും) ലോർഡ് താരീഖ് അഹ്മദ്, വിംബിൾഡൺ (മിനിസ്റ്റർ കൗൺടെറിംഗ് എക്സ്ട്രീമിസം) റഫീഖ് ഹയാത്ത് (ദേശീയ അധ്യക്ഷൻ, അഹ്മദിയ്യാ മുസ്‌ലിം കമ്മ്യൂണിറ്റി, യു.കെ) സിയോബൻ മാക്ഡോനാഗ് (മിക്കാം & മോഡേൺ എം.പി. ആൾ പാർട്ടി പാർലമെന്ററി ഗ്രൂപ്പ് അഹ്മദിയ്യാ മുസ്‌ലിം കമ്മ്യൂണിറ്റി വിഭാഗം സഭാധ്യക്ഷൻ) റവ:ഹോണറബിൾ ജസ്റ്റിൻ ഗ്രീറ്റിംഗ് (പാട്നെ എം.പി, അന്താരാഷ്ട്രവികസനസമിതിയുടെ പ്രാദേശിക സെക്രട്ടറി)

വ്യക്തിയേയോ സംഘത്തേയോ മാപ്പും കാരുണ്യവും മുഖേന പുനരധിവസിപ്പിക്കാമെങ്കിൽ ഈ രീതിയായിരിക്കണം അവലംബിക്കേണ്ടത് എന്നാണ് ഖുർആൻ പറയുന്നത്.

മാപ്പും കാരുണ്യവും യാതൊരു ഫലവും ഉണ്ടാക്കുന്നില്ലെന്ന് തെളിഞ്ഞുകഴിഞ്ഞാൽ പരിഷ്ക്കരണത്തിന്നും സംസ്കരണത്തിന്നുമായി കുറ്റം ചെയ്തവരെ ശിക്ഷിക്കാവുന്നതാണ്. ഇസ്‌ലാമിൽ ശിക്ഷയുടെ അന്തർധാരയായി വർത്തിക്കുന്നത് ഏറ്റവും ദീർഘവീക്ഷണത്തോടുകൂടിയതും അതുല്യവുമായ ഒരു തത്വദർശനമാണ്. അതിന്റെ ഉദ്ദേശ്യം പരിഷ്ക്കരണവും പുനരധിവാസവും ഗുണപരമായ മെച്ചപ്പെടലുമാണ്. മനുഷ്യസമൂഹത്തിൽ മാനവികമൂല്യങ്ങളുടെ നിലവാരമുയർത്താൻ വേണ്ടി എല്ലാ ഓരോരുത്തരും അപരന്റെ പരിപാലനത്തിന്നും അവന്റെ അന്തസ്സിന്റെ സംരക്ഷണത്തിന്നുമായി സ്രഷ്ടാവായ ദൈവത്തിന്റെ ഗുണങ്ങൾ സ്വാംശീകരിക്കുകയാണ് വേണ്ടത്.

അതിനാൽ ഒരു വ്യക്തിയുടേയോ സമൂഹത്തിന്റേയോ അവകാശം നീതിവിരുദ്ധമായി കവർന്നെടുക്കുകയാണെങ്കിൽ കുറ്റത്തിന്ന് ആനുപാതികമായി ശിക്ഷ നൽകാൻ ഇസ്‌ലാം അനുവദിക്കുന്നു. ശിക്ഷ കൂടാതെ തന്നെ പരിഷ്ക്കരണം സാദ്ധ്യമാവുകയാണെങ്കിൽ ഇസ്‌ലാം അതാണ് ആഗ്രഹിക്കുന്നത്. അതുകൊണ്ടാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ അദ്ധ്യായം 24 വചനം 23ൽ പറയുന്നത് 'മാപ്പു കൊടുക്കുകയും സഹനം കൈകൊള്ളുകയും ചെയ്യുന്നതാണ് ഉത്തമം' എന്ന്.

അതുപോലെ വിശുദ്ധ ഖുർആൻ 3-ാം അദ്ധ്യായം വചനം 135 അല്ലാഹു പറയുന്നു. 'ആരാണോ കോപം അടക്കുകയും ജനങ്ങൾക്ക് മാപ്പ് നൽകുകയും പൊറുത്തുകൊടുക്കുകയും ചെയ്യുന്നത് അവരെയാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്.' അതിൽ കൂടുതലായി അല്ലാഹു മറ്റൊരിടത്ത് പറയുന്നു. പൊറുത്തുകൊടുക്കാൻ കഴിയുന്നിടത്തെല്ലാം പൊറുത്തുകൊടുക്കണം, കാരണം എല്ലാ ശിക്ഷയുടെ അന്തിമ ലക്ഷ്യം പകരം വീട്ടുക എന്നതിനേക്കാൾ ധാർമിക സംസ്കരണമാണ്. രാജ്യങ്ങൾ തമ്മിലുള്ള സംഘർഷങ്ങളിൽ ചിരസ്ഥായിയായ ശാന്തി കൈവരിക്കാനുള്ള ഒരു സുവർണ്ണതത്ത്വം ഖുർആൻ 49-ാം അദ്ധ്യായം വചനം 10ൽ പറയുന്നു.

ഈ വചനത്തിൽ രണ്ട് രാജ്യങ്ങൾ തമ്മിലോ രണ്ട് കക്ഷികൾ തർക്കമുണ്ടായാൽ മൂന്നാം കക്ഷി ഇവർക്കിടയിൽ മധ്യസ്ഥം വഹിക്കേണ്ടതാണെന്നും ഭിന്നിച്ച കക്ഷികൾക്കിടയിൽ സമാധാനം കൊണ്ടു വരാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. സമാധാന കരാറിന്നായി സംഭാഷണങ്ങൾ നടക്കുമ്പോൾ എല്ലാ കക്ഷികളോടും തുല്യപ്രാധാന്യത്തോടെ പെരുമാറേണ്ടതാണ്. അതിൽ ഏതെങ്കിലും ഒരു കക്ഷി കരാർ ലംഘിക്കുകയോ അക്രമണം നടത്തുകയോ ചെയ്യുകയാണെങ്കിൽ മറ്റു രാജ്യങ്ങളോ കക്ഷികളോ ഒത്തുചേർന്ന് അക്രമിരാജ്യത്തെ അവരുടെ അക്രമങ്ങൾ ഇല്ലാതാക്കേണ്ടതാണ് അതിന്ന് ബലപ്രയോഗം ആവശ്യമെങ്കിൽ നടത്താവുന്നതാണ്. ഏതായാ

***അല്ലാഹു എല്ലാ ജനങ്ങളും ഒരുമയോടെ ജീവിക്കാനും അവർ എല്ലാ വിധത്തിലുള്ള പീഢനങ്ങളിൽ നിന്നും അനീതിയിൽ നിന്നും മുക്തരായിരിക്കണമെന്നും ആഗ്രഹിക്കുന്നു. വിശ്വാസതലത്തിൽ ഇസ്‌ലാം സർവ്വത്രികമായ മതസ്വാതന്ത്ര്യവും മനസ്സാക്ഷി സ്വാതന്ത്ര്യവും ഉയർത്തിപ്പിടിക്കുന്നു.***

ലും അക്രമി പിന്മാറുകയും സമാധാനകരാർ അംഗീകരിക്കുകയും ചെയ്താൽ അവരുടെ മേൽ യാതൊരു ഉപാധിയും അടിച്ചേൽപ്പിക്കാൻ പാടുള്ളതല്ല. ഒരു സ്വതന്ത്രരാഷ്ട്രമായും ഒരു സ്വതന്ത്ര സമൂഹമായും മുന്നോട്ട് പോവുന്നതിൽ അവരുടെ മേൽ യാതൊരു നിയന്ത്രണവും കൊണ്ടുവരാൻ പാടുള്ളതല്ല.

മാനവരാശിയുടെ ദായകനും പരിപാലകനും എന്ന നിലക്ക് അല്ലാഹു എല്ലാ ജനങ്ങളും ഒരുമയോടെ ജീവിക്കാനും അവർ എല്ലാ വിധത്തിലുള്ള പീഢനങ്ങളിൽ നിന്നും അനീതിയിൽ നിന്നും മുക്തരായിരിക്കണമെന്നും ആഗ്രഹിക്കുന്നു. വിശ്വാസതലത്തിൽ ഇസ്‌ലാം സർവ്വത്രികമായ മതസ്വാതന്ത്ര്യവും മനസ്സാക്ഷി സ്വാതന്ത്ര്യവും ഉയർത്തിപ്പിടിക്കുന്നു. ഇസ്‌ലാമിന്റെ അദ്ധ്യാപനമനുസരിച്ച് എല്ലാ ഓരോ വ്യക്തിക്കും അവനവന്റെ മതം വിശ്വസിക്കാൻ മാത്രമല്ല സമാധാനപൂർവ്വം അവരുടെ വിശ്വാസം പ്രചരിപ്പിക്കാനുമുള്ള അവകാശമുണ്ട്.

വിശ്വാസം എന്നത് എല്ലായ്പ്പോഴും ഹൃദയവുമായി ബന്ധപ്പെട്ട വിഷയമാണ്. അതിനാൽ അക്കാര്യത്തിൽ നിർബന്ധത്തിന്റെ യാതൊരു ആവശ്യകതയുമില്ല. ഇസ്‌ലാം ഒരു സമ്പൂർണ്ണ അദ്ധ്യാപനമായിരിക്കണമെന്ന് അല്ലാഹു ആഗ്രഹിച്ചിരിക്കെ അന്യരെ ഇസ്‌ലാമിലേക്ക് നിർബന്ധപൂർവ്വം പരിവർത്തനം ചെയ്യാൻ ആർക്കും അവകാശവുമില്ല. ഏതൊരു മതവിശ്വാസിയായി കൊള്ളട്ടെ മതത്തിൽ വിശ്വാസമില്ലാത്ത ആളായികൊള്ളട്ടെ ആർക്കും തന്നെ യഥേഷ്ടം ഇസ്‌ലാമിൽ പ്രവേശിക്കാവുന്നതാണ്. സുപ്രധാനമായ കാര്യം ഇസ്‌ലാം മതം സ്വീകരിക്കുന്നത്. സ്വതന്ത്രമായിട്ടായിരിക്കണം അത് തികച്ചും ഒരാളുടെ ഇഛാനുസ്തൃതവും ഇഷ്ടവുമനുസരിച്ചായിരിക്കണം. അതേപ്രകാരം തന്നെ ഒരു മുസ്‌ലിം ഇസ്‌ലാം മതം വിട്ടുപോകണമെന്ന് ആഗ്രഹിച്ചാൽ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് അയാൾക്ക് അങ്ങനെ ചെയ്യാനുള്ള പൂർണ്ണ സ്വാതന്ത്ര്യവും അവകാശവുമുണ്ട്.

ഇസ്‌ലാം സാർവ്വജനീനമായ ഒരു വിശ്വമതവും അതിന്റെ അദ്ധ്യാപനങ്ങൾ സനാതനവുമാണെന്നിരിക്കെ ആരെങ്കിലും അത് വിട്ടുപോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ അക്കാര്യം അവരുടെ ഇഷ്ടവും അവകാശവുമാണ്. വിശുദ്ധ ഖുർആൻ അദ്ധ്യാപനം 5 വചനം 55ൽ അല്ലാഹു പറയുന്നു: ആരെങ്കിലും ഈ മതം വിട്ടുപോകാനാഗ്രഹിക്കുന്നുവെങ്കിൽ അയാൾക്ക് അങ്ങനെ ചെയ്യാം. അതിന്ന് പകരമായി നല്ലതും ആത്മാർത്ഥമുള്ളതുമായ മറ്റൊരു ജനതയെ അവൻ പകരം കൊണ്ടുവരും. ഒരു ഭരണകൂടത്തിന്നും കക്ഷിവിഭാഗങ്ങൾക്കോ വ്യക്തികൾക്കോ മതം വിട്ടുപോകുന്നവനെ ശിക്ഷിക്കാനോ ഉപരോധിക്കുവാനോ യാതൊരു അവകാശവുമില്ല.

ഇസ്‌ലാം മതപരിത്യാഗം ചെയ്യുന്നവനെ ശിക്ഷിക്കുന്നു എന്ന ഒരു ആരോപണമുണ്ട്. തികച്ചും അടിസ്ഥാനരഹിതവും അസത്യവുമാണ് ആ ആരോപണം. അതായത് ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ അല്ലാഹുവിന്നും അവന്റെ അസ്തിത്വത്തിന്നും ചുറ്റുമായി കറങ്ങുകയാണ്. വസ്തുതയെന്തെന്നാൽ അവനാണ് സകല പ്രപഞ്ചത്തിന്റെയും ദായകനും പരിപാലകനും. അങ്ങനെയിരിക്കെ ഏതെ




**പീസ് സിംമ്പോസിയത്തിൽ പങ്കെടുക്കുന്നവർ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു)നെ ശ്രവിക്കുന്നു**

ങ്കിലും ഒരു മുസ്‌ലിം നിർദ്ദയമായ ക്രൂരതകൾ കാട്ടുകയോ ഏതെങ്കിലും തരത്തിലുള്ള തിവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുകയാണെങ്കിൽ സകലമനുഷ്യരുടെ രക്ഷകനും പരിപാലകനുമാണ് എന്ന ദൈവിക ഗുണത്തെ അവർ നിഷേധിക്കുകയാണ് ചെയ്യുന്നത് തീർച്ചയായും മുസ്‌ലിംകൾ അല്ലാഹു പ്രപഞ്ചത്തിന്റെ നാഥനാണെന്നും സകലലോകങ്ങളുടെ പരിപാലകനാണെന്നും വിശ്വസിക്കേണ്ടവരാണ്. പക്ഷേ അവർ അതിന്റെ യഥാർത്ഥ അർത്ഥം ഗ്രഹിച്ചിട്ടില്ല. അതിന്റെ ഫലമായി ഇസ്‌ലാമിന്റെ ഈ യഥാർത്ഥ അദ്ധ്യാപനങ്ങളിൽ നിന്നും അവർ ബഹുദൂരം അകലത്തിൽ മാറി സഞ്ചരിക്കുന്നു. അതുകൊണ്ട് ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനത്തെ പറ്റി മനുഷ്യരാശിക്ക് ഉൾക്കാഴ്ച്ച നൽകേണ്ടിയിരിക്കുന്നു. ഞങ്ങൾ അഹ്മദികൾ വിശ്വസിക്കുന്നത്, സർവ്വലോകനാഥനായ അല്ലാഹു അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകനെ ഈ ആവശ്യാർത്ഥമാണ് വാഗ്ദത്ത മസീഹും പരിഷ്ക്കർത്താവുമായി തിരഞ്ഞെടുത്തയച്ചിരിക്കുന്നത് എന്നാണ്.

വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) പറഞ്ഞത്. മതയുദ്ധങ്ങളുടെ കാലം അസ്തമിച്ചിരിക്കുന്നു എന്നാണ്. മനുഷ്യരാശി ശാന്തിയിൽ വർത്തിക്കാനും അവരുടെ സൃഷ്ടാവിന്റെയും സൃഷ്ടികളുടെയും അവകാശങ്ങൾ നിറവേറ്റികൊണ്ട് ജീവിക്കാനും ദൈവം ആഗ്രഹിക്കുന്നു. അവിടുത്തെ അനുയായികളെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം ഒരിക്കൽ പറഞ്ഞു:

*'ഇസ്‌ലാംമതത്തിന്റെ യഥാർത്ഥത്തിലുള്ള അധ്യാ*

***വാസ്തവത്തിൽ അദ്ദേഹം പറഞ്ഞത്, ഒരു യഥാർത്ഥ മുസ്‌ലിം ഒരാളുടെ മതവിശ്വാസത്തിന്റെ പശ്ചാത്തലം നോക്കാതെ മാതാവ് കുഞ്ഞുങ്ങളെ സ്നേഹിക്കുന്നത് പോലെ അപരനെ സ്നേഹിക്കണമെന്നാണ്. തീർച്ചയായും ഇത് സ്നേഹത്തിന്റെ അത്യുന്നതവും പരിശുദ്ധവുമായ രൂപമാണ്.***

*പനസാരത്തിന്റെ ചൈതന്യമനുസരിച്ച് മതത്തിന് രണ്ട് ഭാഗങ്ങളുണ്ട്. മറ്റൊരുവിധത്തിൽ പറയുകയാണെങ്കിൽ മതം പരമമായ രണ്ട് ലക്ഷ്യത്തിലാണ് കെട്ടിപടുത്തിരിക്കുന്നത്. അതിൽ ഒന്നാമതായിട്ടുള്ളത് ദൈവം ഒരുവനാണെന്ന് തികഞ്ഞ നിശ്ചയദാർഢ്യത്തോടെ അംഗീകരിക്കുകയും അവനെ ആത്മാർത്ഥമായി സ്നേഹിച്ചുകൊണ്ട് സ്നേഹത്തിന്റെ തേട്ടമനുസരിച്ചും സ്നേഹത്തിന്റെ സമർപ്പണമുറപ്രകാരവും അവന്റെ അനുസരണയിൽ സമ്പൂർണ്ണമായും തിമഗ്നനാവുക എന്നാണ്. രണ്ടാമതായിട്ടുള്ള അവന്റെ സൃഷ്ടികളായ ജനങ്ങളെ സേവിക്കുക എന്നതാണ്. അതായത് അന്യരെ സ്നേഹപൂർവ്വം സേവിക്കുന്നതിൽ നിങ്ങൾക്ക് നൽകപ്പെട്ട കഴിവുകളും ശേഷിയും വിനിയോഗിക്കുക. നിങ്ങളോട് ആരെങ്കിലും ദയാപൂർവ്വം പെരുമാറുകയാണെങ്കിൽ അയാളോട് ആത്മാർത്ഥ നന്ദി പ്രകടിപ്പിക്കുകയും സ്നേഹം തിരിച്ചു നൽകുകയും ചെയ്യുക. നിങ്ങൾക്ക് ഉപകാരം ചെയ്യുന്നയാൾ ഒരു രാജാവോ ഭരണാധികാരിയോ ഏറ്റവും നിസ്സാരനും അവഗണിതനുമായ ആളോ ആയിക്കൊള്ളട്ടെ അയാളുമായി നിങ്ങൾ എപ്പോഴും സ്നേഹപാശം കൊണ്ട് ബന്ധിതനായിരിക്കണം.'*

അതിൽ കൂടുതലായി അഹ്മദിയ്യാ മുസ്‌ലിം പ്രസ്ഥാനത്തിന്റെ സ്ഥാപകൻ വിശുദ്ധ ഖുർആൻ അദ്ധ്യായം 16 വചനം 91ന്റെ അർത്ഥം ഇപ്രകാരം വിശദീകരിക്കുന്നു.

*'നീതി പുലർത്തുന്നതിന്നും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിന്നും അടുത്ത ബന്ധുക്കൾക്കെന്ന പോലെ അന്യർക്ക് സഹായം നൽകുന്നതിന്നും അല്ലാഹു കൽപ്പിക്കുന്നു.'*

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ പ്രസ്താവിച്ചതെന്തെന്നാൽ ഈ ഖുർആനിക വചനത്തിൽ നീതിയും നന്മയും പുലർന്നവരുടെ വൃത്തം എല്ലാവരിലേക്കും വികസിപ്പിക്കണമെന്നാണ് കൽപ്പിക്കപ്പെട്ടിരിക്കുന്നത്. അവർ തങ്ങളോട് എന്തെങ്കിലും വിധത്തിൽ അനുഭാവമുള്ളവരോ അനുകമ്പ പുലർത്തുന്നവരോ ആകണമെന്നുമില്ല. അവസാനമായി ഈ വചനം ആവശ്യപ്പെടുന്നത് എന്താണെന്ന് വെച്ചാൽ ദൈവത്തിന്റെ എല്ലാ സൃഷ്ടിജാലങ്ങളേയും തന്റെ അടുത്ത കുടുംബാംഗങ്ങളാണെന്ന ഭാവേന സ്നേഹിക്കണം എന്നാണ് ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞത്.

വാസ്തവത്തിൽ ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞത്, ഒരു യഥാർത്ഥ മുസ്‌ലിം ഒരാളുടെ മതവിശ്വാസത്തിന്റെ പശ്ചാത്തലം നോക്കാതെ മാതാവ് കുഞ്ഞുങ്ങളെ സ്നേഹിക്കുന്നത്പോലെ അപരനെ സ്നേഹിക്കണമെന്നാണ്. തീർച്ചയായും ഇത് രണ്ടാം ഘട്ടത്തെ അപേക്ഷിച്ച് സ്നേഹത്തിന്റെ അത്യുന്നതവും പരിശുദ്ധവുമായ രൂപമാണ്. ഒരാൾ മറ്റുള്ളവരോട് സ്നേഹവും വാത്സല്യവും കാട്ടുമ്പോൾ ബാഹ്യമായും ആന്തരികമായും അതിൽ സ്വാർത്ഥതയുടെ ഒരംശമുണ്ടാവും. എന്തെങ്കിലും തരത്തിലുള്ള സ്നേഹപ്രകടനം തിരിച്ച് ആഗ്രഹിക്കുന്നുണ്ടാവും. എന്നാൽ ഒരു മാതാവിന്റെ സ്നേഹം സത്യത്തിൽ ഏറ്റവും സ്വാർത്ഥരഹിതമാവും ആത്മാർത്ഥത നിറഞ്ഞതുമാണ്. മാതാവിന്ന് തന്റെ കുഞ്ഞുമായുള്ള ബന്ധം അനന്യവും അതുല്യവുമാണ്. അവളുടെ കുഞ്ഞിന്ന് വേണ്ടി

സർവ്വവും ത്യജിക്കാൻ അവൾ സന്നദ്ധയാവുന്നു. തിരിച്ച് യാതൊന്നും തന്നെ അവൾ ആഗ്രഹിക്കുന്നില്ല. തന്റെ കുഞ്ഞിന് വേണ്ടി ചെയ്യുന്ന ത്യാഗത്തിന് പ്രതിഫലമായി യാതൊരു വിധത്തിലുള്ള പുകഴ്ത്തലോ അഭിനന്ദനങ്ങളോ മാതാവ് ആഗ്രഹിക്കുന്നില്ല. അതിനാലാണ് ഈ അത്യുന്നത നിലവാരത്തിലുള്ള സ്നേഹം ഇസ്ലാം ആവശ്യപ്പെടുന്നത്. അതായത് ഒരു കുഞ്ഞിനെ അതിന്റെ മാതാവ് സനേഹിക്കുന്നത്പോലെ മുസ്ലിംകൾ മനുഷ്യവംശത്തെ സ്നേഹിക്കണമെന്നാണ് മുസ്ലിംകളെ ഇസ്ലാം പഠിപ്പിക്കുന്നത്. ഇതാണ് ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ.

സർവ്വാധിനാഥനായ അല്ലാഹു പറയുന്നു. അവനിൽ വിശ്വസിക്കുന്നവർ അവന്റെ ഗുണങ്ങൾ ഉൾക്കൊള്ളണം എന്നാണ്. അതിനാൽ ഒരു മുസ്ലിമിന് ക്രൂരനാവാൻ സാധ്യമല്ല. അപ്രകാരം ഇസ്ലാമിന് ഏതെങ്കിലും വിധത്തിലുള്ള അനീതിയോ അക്രമണമോ തീവ്രവാദമോ അനുവർത്തിക്കാൻ ആരെയും അനുവദിക്കാൻ കഴിയില്ല. കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഈ വസ്തുത സമയാസമയങ്ങളിൽ ഞാൻ പറഞ്ഞുകൊണ്ടേയിരിക്കുന്നു. ഇസ്ലാമിന്റെ കാതലായ ഈ അധ്യാപനം ഇപ്പോഴും ഞാൻ ഊന്നിപറയുകയാണ്.

ഇസ്ലാമിന്റെ തനത് അദ്ധ്യാപനങ്ങളെ അടിസ്ഥാനമാക്കിയാണ് ഞാനിത് പറഞ്ഞതെന്ന് തെളിയിക്കാൻ ഞാൻ ആവർത്തിച്ചാവർത്തിച്ച് ഖുർആനിൽ നിന്നും ഉദ്ദരിക്കുകയുണ്ടായി. എന്തായിരുന്നാലും ഞങ്ങളുടെ ശാന്തസുന്ദരമായ ഈ സന്ദേശം വ്യാപകമായി മാധ്യമങ്ങളിൽ പ്രചരിപ്പിക്കപ്പെടുന്നില്ല. അതേസമയം കുറഞ്ഞ പേർ ഏർപ്പെടുന്ന ഹിംസയും കൂട്ടക്കൊലകളും ഇടതടവില്ലാതെ ആഗോളവ്യാപകമായ മാധ്യമങ്ങൾ പ്രചാരപ്പെടുത്തുകയും ചെയ്യുന്നു. പൊതുജനാഭിപ്രായം രൂപീകരിക്കപ്പെടുന്നതിൽ മാധ്യമങ്ങൾ ഒരു വലിയ പങ്ക് വഹിക്കുന്നുണ്ട്. മാധ്യമങ്ങൾ അവരുടെ ഈ ശക്തി



**യഥാർഥ മുസ്ലിം, മാതാവ് തന്റെ കുട്ടിയെ സ്നേഹിക്കുന്നതുപോലെ എല്ലാവരേയും സ്നേഹിക്കുന്നവനാകുന്നു.**

Rafal Olechowski | Shutterstock.com

നല്ല കാര്യങ്ങൾക്കായി പ്രയോജനപ്പെടുത്തണം. നന്മക്കും സമാധാനസ്ഥാപനത്തിനുമുള്ള ഒരു ശക്തിയായി അവർ ഇതിനെ ഉപയോഗിക്കണം. ഒരു ചെറുന്യൂനപക്ഷത്തിന്റെ ദയാരഹിതമായ അക്രമങ്ങളിൽ കേന്ദ്രീകരിക്കുന്നതിനേക്കാൾ യഥാർത്ഥ ഇസ്ലാം പ്രതിനിധീകരിക്കുന്നത് എന്താണെന്ന് മാധ്യമങ്ങൾ ജനങ്ങളെ അറിയിക്കണം.

ഇപ്പോൾ നിലവിലുള്ള ഭീകരരും തീവ്രവാദഗ്രൂപ്പുകളുടെ നിലനില്പിന്ന് പബ്ളിസിറ്റി ഓക്സിജൻപോലെ ആവശ്യമാണ്. നാം ഇവിടെ പറഞ്ഞ കാര്യങ്ങൾ മാധ്യമങ്ങൾ കണക്കിലെടുക്കുകയാണെങ്കിൽ ഭീകരതയുടെയും അക്രമണത്തിന്റെയും ബാധ ലോകത്ത് നിന്നും ഒഴിഞ്ഞുപോവും. തീവ്രവാദികൾ തങ്ങളുടെ അതിനികൃഷ്ടമായ ഹീനത്വത്തെ ന്യായീകരിക്കാൻ ഇസ്ലാമിന്റെ ഉദാത്തമായ അദ്ധ്യാപനങ്ങളെ എന്തുകൊണ്ട് ഇത്ര മാത്രം ലംഘിച്ച് വികൃതമാക്കുന്നു എന്നകാര്യം വ്യക്തിപരമായി എനിക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല.

***ഇപ്പോൾ നിലവിലുള്ള ഭീകരരും തീവ്രവാദ ഗ്രൂപ്പുകളുടെ നിലനില്പിന് പബ്ളിസിറ്റി ഓക്സിജൻ പോലെ ആവശ്യമാണ്. നാം ഇവിടെ പറഞ്ഞ കാര്യങ്ങൾ മാധ്യമങ്ങൾ കണക്കിലെടുക്കുകയാണെങ്കിൽ ഭീകരതയുടെയും അക്രമണത്തിന്റെയും ബാധ ലോകത്ത് നിന്നും ഒഴിഞ്ഞുപോവും.***

ഇസ്ലാമിന്റെ സമാധാനത്തിന്റെ അദ്ധ്യാപനം തീവ്രവാദത്തിന്റെ എല്ലാ രൂപങ്ങളെയും നിരാകരിക്കുന്നു. പ്രഖ്യാപിതവും വ്യവസ്ഥാപിതവുമായ ഒരു യുദ്ധത്തിൽപോലും ഏതൊരു പ്രവൃത്തിയും ശിക്ഷയും അക്രമം ചെയ്യപ്പെട്ടതിന്ന് ആനുപാതികമായിട്ടായിരിക്കണം. അപ്പോൾ പോലും സഹനവും പൊറുമയും കാണിക്കുകയാണെങ്കിൽ അതായിരിക്കും ഏറ്റവും ഉത്തമം. അക്രമത്തിലും അനീതിയിലും മൃഗീയതയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുസ്ലിംകൾ എന്ന് വിളിക്കപ്പെടുന്നവർ ദൈവ കോപം അവരുടെ പടിവാതിക്കലേക്ക് വിളിച്ചു വരുത്തുകയാണ് ചെയ്യുന്നത്.

ഇസ്ലാം ഭീതി എല്ലായിടത്തും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ സ്നേഹം, അനുകമ്പ, സഹനം എന്നീ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനാണ് വിശുദ്ധ ഖുർആൻ ആജ്ഞാപിച്ചിരിക്കുന്നത് എന്ന കാര്യം ഊന്നിപറയാനാണ് ഞാനാഗ്രഹിക്കുന്നത്. വളരെ അപൂർവ്വം സന്ദർഭത്തിൽ മാത്രമാണ് ഖുർ ആൻ പ്രതിരോധയുദ്ധത്തിന്ന് അനുവാദം നൽകുന്നത്. അത്പോലും സമാധാനം സ്ഥാപിക്കാൻ വേണ്ടിയാണ് ഇവിടെ ഭൂരിപക്ഷം ഭരണകൂടങ്ങളും കക്ഷികളും അവർ മുസ്ലിംകളാകട്ടെ അമുസ്ലിംകളാകട്ടെ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അവരുടെയും അവകാശവാദം തങ്ങൾ യുദ്ധം ചെയ്യുന്നത് സമാധാനം സ്ഥാപിക്കാൻ വേണ്ടിയാണ് എന്നാണ്.


അനുഭവത്തിന്റെ വെളിച്ചത്തിൽ യുദ്ധം നടത്തുന്നത് ചില ആഗോളശക്തികളാണ്. നിരീക്ഷിക്കുന്നവർക്കെല്ലാം അറിയാൻ കഴിയും അവരുടെ പ്രവർത്തനങ്ങൾക്കൊന്നും തന്നെ ഒരു മതവുമായും വിശ്വാസവുമായും ബന്ധമില്ല. എന്നിരുന്നാലും മുസ്ലിംകൾ നടത്തുന്ന എല്ലാ ഹിംസകളും യുദ്ധങ്ങളും ഉടൻതന്നെ ഇസ്ലാമികാദ്ധ്യാപനങ്ങളുമായി കോർക്കപ്പെടുകയാണ്. അങ്ങിനെയുള്ള ഒരു കാലാവസ്ഥയിലാണ് നാം ജീവിക്കുന്നത്. ഇസ്ലാമിന്റെ യഥാർത്ഥത്തിലുള്ളതും ശാന്തസുന്ദരവുമായ അദ്ധ്യാപനങ്ങൾ പ്രചരിപ്പിക്കാൻ ആത്മാർത്ഥമായി ശ്രമിക്കുന്ന ആളുകളുടെയും സംഘങ്ങളുടെയും ശബ്ദം ആരാലും കേൾക്കപ്പെടുന്നില്ല. അതിന്ന് വ്യാപകമായ പ്രചാരണം നൽകപ്പെടുന്നുമില്ല. എന്റെ അഭിപ്രായത്തിൽ ഇത് അനീതിയാണ്. അത്യന്തം പ്രതിലോമകരമാണ്. ആഗോളാടിസ്ഥാനത്തിലുള്ള സംഘർഷങ്ങളുടെ ഇക്കാലത്ത് നാം ഇസ്ലാമിന്റെ ഈ അടിസ്ഥാനതത്വം ഓർത്തിരിക്കേണ്ടതാണ്. ഒരു കാര്യം നാം മനസ്സിലാക്കണം അടിച്ചമർത്തേണ്ട എല്ലാ തിന്മകളും ക്രൂരതകളും അടിച്ചമർത്തപ്പെടണം. അംഗീകരിക്കപ്പെടേണ്ട എല്ലാ തരത്തിലുള്ള മനുഷ്യത്വവും നന്മയും അംഗീകരിക്കപ്പെടുകയും വേണം. ഈ രീതിയിൽ തിന്മ അതിവേഗം പ്രചരിച്ചുകൂടാ. അതേ സമയം നന്മയും ശാന്തിയും ദ്രുതഗതിയിൽ പരന്ന് നമ്മുടെ സമൂഹത്തെ അലംകരിക്കേണ്ടതുണ്ട്. നാം നന്മ വരണമെന്ന് ആഗ്രഹിക്കുകയാണെങ്കിൽ അതാണ് ലോകത്ത് സംഭവിക്കുക. കരുണയുടെയും മനുഷ്യത്വത്തി ന്റേയും ഉദാത്ത മൂല്യങ്ങളെ തകർക്കുന്നവരെ അത് വഴി നമുക്ക് മറികടക്കാനാവും. എങ്കിലും ലോകം ഈ തത്വം ഉൾക്കൊള്ളുകയോ മനസ്സിലാക്കുകയോ ചെയ്തതായി കാണുന്നില്ല. ലോകസമാ

ധാനത്തെക്കാൾ മാധ്യമങ്ങൾ അവരുടെ സർക്കുലേഷൻ വർദ്ധിപ്പിക്കുന്നതിലാണ് നോട്ടമിട്ടിരിക്കുന്നത്. മാധ്യമങ്ങൾ ഏതാനും ഭീകരവാദികളുടെ കിരാതകൃത്യങ്ങൾ ഫോക്കസ് ചെയ്യുന്നതിൽ ആഹ്ലാദപൂർവ്വം മുഴുകിയിരിക്കുകയാണ്. ദായിശ് ( ISIS) പോലെയുള്ള ഭീകരസംഘങ്ങളുടെ പൈശാചിക പ്രവർത്തനങ്ങൾ കൊണ്ട് മാധ്യമങ്ങൾ നിറക്കുകയും ലോകത്ത് നന്മ പ്രചരിപ്പിക്കുന്ന മാധ്യമധർമ്മത്തിൽ പരാജയപ്പെടുകയും ചെയ്യുന്നു. കൂടുതൽ സംഘർഷങ്ങളും വിഭാഗീയതയും സൃഷ്ടിക്കുന്ന അനീതിയാണിത്. ലോകരാഷ്ട്രീയത്തിന്റെയും ഭീകരവിരുദ്ധ യുദ്ധത്തിന്റെയും അടിസ്ഥാനത്തിൽ നോക്കുമ്പോൾ സമാധാനം സ്ഥാപിക്കുക എന്നതായിരിക്കണം നമ്മുടെ പരമോന്നത ലക്ഷ്യം. സമാധാനം സ്ഥാപിക്കാനായി എല്ലാ ഭാഗത്ത്നിന്നുമുള്ള വിട്ടുവീഴ്ച്ചകൾ അനിവാര്യമാണ്. നിങ്ങൾ ഇക്കാര്യത്തിൽ ഒരു മുസ്ലിമിന്റെ വാക്കുകൾ വിശ്വസിക്കുന്നില്ലെങ്കിൽ ലോകരാഷ്ട്രീയത്തിൽ പരിണതപ്രജ്ഞരും സമാധാനകാംഷികളുമായ അമുസ്ലിംകളുടെ വാക്കുകൾ ഞാൻ ഉദ്ദരിക്കാം.

തീവ്രവാദത്തെ പ്രത്യേകിച്ചും ദായിശിനെ (ISIS) പോലെയുള്ള ഭീകരസംഘങ്ങളെ എങ്ങനെ പരാജയപ്പെടുത്താം എന്ന വിഷയത്തിൽ ആസ്ട്രിയാ വിദേശകാര്യമന്ത്രി ഇയ്യിടെ പറഞ്ഞത് ഇപ്രകാരമാണ്.

*'ഇസ്ലാമിക് സ്റ്റേറ്റിനെ(കടകട)തിരായുള്ള യുദ്ധത്തിൽ പ്രസിഡണ്ട് അൽ അസ്സദിനെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രായോഗിക സമീപനമാണ് നമുക്കാവിശ്യം. എന്റെ അഭിപ്രായത്തിൽ ഭീകരതക്കെതിരെയുള്ള യുദ്ധത്തിന്നാണ് മുൻഗണന നൽകേണ്ടത്. ഇത് റഷ്യ, ഇറാൻ എന്നീ ശക്തികളുടെ സഹായമില്ലാതെ സാധ്യമാവുകയില്ല.'*

ലണ്ടൻ സ്ക്കൂൾഓഫ് എകണോമിക്സിൽ ദീർഘകാലം അദ്ധ്യാപകനായിരുന്ന റിട്ടയേർഡ് പൊളിറ്റിക്കൽ ഫിലോസഫർ പ്രൊഫസ്സർ ജോൺ ഗ്രെ



**മാധ്യമങ്ങൾ സമാധാനത്തിനു മറ്റു വാർത്തകളേക്കാൾ മുൻഗണന നൽകുന്നുണ്ടെങ്കിൽ ഡാഇശിന്റേയും മറ്റു ഭീകരസംഘടനകളുടേയും ആസന്നമായ അന്ത്യം നമുക്ക് ഉടൻ കാണാൻ കഴിയുന്നതാണ്.**

Brian A. Jackson | Shutterstock.com

പറയുന്നത് ഭരണകൂടം ഏത് വിധേനയുള്ളതായിക്കൊള്ളട്ടെ സമാധാനസംസ്ഥാപനത്തിന്നാണ് നാം മുൻഗണ നൽകേണ്ടത് എന്നാണ്. അദ്ദേഹം എഴുതുന്നു.

*'ഭരണകൂടങ്ങൾ അത് ജനാധിപത്യം, ഏകാധിപത്യം ജനാനിപത്യം റിപ്പബ്ളിക്കൽ എന്നീ രൂപങ്ങളിൽ ഏതുമാകട്ടെ, സമാധാനം സ്ഥാപിക്കപ്പെടുന്നുവോ എന്നതിനേക്കാൾ കുറഞ്ഞ പ്രാധാന്യമേ അതിനെല്ലാമുള്ളൂ.'*

എന്റെ അഭിപ്രായത്തിൽ അത് അത്യന്തം ഉൾക്കാഴ്ച്ചയോടെയുള്ള ഒരു പ്രസ്താവനയാണ്. എന്നാൽ ലോകത്തിലെ വൻശക്തികൾ ഭരണകൂടമാറ്റത്തിന്നാണ് മുൻഗണന നൽകുന്നത്. ആ ഭരണകൂടങ്ങളാകട്ടെ മുൻകാലങ്ങളെ അപേക്ഷിച്ച് സ്ഥിരതയുള്ളതുമാണ്.

ഉദാഹരണത്തിന്ന് പാശ്ചാത്യലോകം സദ്ദാം ഹുസൈനെ ഇറാഖിൽ നിന്നും മാറ്റാൻ തീരുമാനിച്ചു. അതുമൂലം 13 വർഷങ്ങൾക്കു മുമ്പ് നടന്ന യുദ്ധ

***മാധ്യമങ്ങൾ ഏതാനും ഭീകരവാദികളുടെ കിരാതകൃത്യങ്ങൾ ഫോക്കസ് ചെയ്യുന്നതിൽ ആഹ്ലാദപൂർവ്വം മുഴുകിയിരിക്കുകയാണ്. ദായിശ് (ISIS) പോലെയുള്ള ഭീകരസംഘങ്ങളുടെ പൈശാചിക പ്രവർത്തനങ്ങൾ കൊണ്ട് മാധ്യമങ്ങൾ നിറക്കുകയും ലോകത്ത് നന്മ പ്രചരിപ്പിക്കുന്ന മാധ്യമധർമ്മത്തിൽ പരാജയപ്പെടുകയും ചെയ്യുന്നു.***

ത്തിന്റെ വേദനാജനകമായ പ്രത്യാഘാതങ്ങൾ ഇന്നും തുടരുകയും ചെയ്യുന്നു. മറ്റൊരു പ്രമുഖമായ ഉദാഹരണം ലിബിയയാണ്. ആ രാജ്യത്ത്നിന്നും കേണൽ ഗദ്ദാഫിയെ 2011ൽ ശക്തി ഉപയോഗിച്ച് പുറത്താക്കി അന്നു മുതൽ ലിബിയ കടിഞ്ഞാണില്ലാത്ത വിധം നിയമരാഹിത്യത്തിന്റെ ക്രമസമാധാനമില്ലായ്മയുടെ കുഴപ്പം പിടിച്ച രാജ്യമായി തുടരുന്നു.

ലിബിയയിലെ ഇന്നത്തെ രാഷ്ട്രീയ ശൂന്യതയുടെ നേരിട്ടുള്ള പ്രത്യാഘാതം എന്തെന്നാൽ അവിടെ ദായിശ് (ISIS) അതിന്റെ ശക്തമായ ഒരു ഭീകരശ്യംഖല രൂപീകരിച്ചിട്ടുണ്ട് എന്നതാണ്. അതിപ്പോൾ ശക്തിപ്പെട്ടുവരികയാണ്. ഇപ്പോൾ അവസ്ഥ അത്യന്തം അപകടരമാണ്. അത് ഈ മേഖലക്ക് മാത്രമല്ല യൂറോപ്പിന്നും അപകടമാണ്. ഇതിനെക്കുറിച്ചാണ് ഞാൻ കുറച്ചു വർഷങ്ങൾക്കു മുമ്പ് മുന്നറിയിപ്പ് നൽകിയത്. അത്കൊണ്ട് ഭരണകൂടമാറ്റത്തിന്നല്ല ആ മേഖലയിൽ പ്രാധാന്യം നൽകേണ്ടത്. ഇവിടങ്ങളിലെ പൊതുസമൂഹത്തിന് അവരുടെ ന്യായമായ അവകാശങ്ങളും ദീർഘകാലത്തെ സമാധാന ജീവിതവും ഉറപ്പ് വരുത്തുകയാണ് വേണ്ടത്.

സിറിയയിലേക്ക് തന്നെ തിരിച്ചുപോകാം. ആസ്ട്രിയൻ വിദേശകാര്യമന്ത്രിയുടെ പ്രസ്താവനയോട് ഞാൻ യോജിക്കുന്നു. നാം ഏറ്റവും പരിഗണന നൽകേണ്ട ലക്ഷ്യം സമാധാനസ്ഥാപനമാണ്. ആയതിനാൽ വൻശക്തികൾ സിറിയൻ ഭരണകൂടവുമായി ആശയവിനിമയം നടത്താനുള്ള വഴികൾ ആരായാൻ മുന്നോട്ട് വരുകയും സിറിയയിൽ സ്വാധീനമുള്ള മറ്റു അയൽരാജ്യങ്ങളുമായി ബന്ധം സ്ഥാപിക്കുകയും വേണം.

ഓർക്കുക, ഒരു വിഭാഗം തങ്ങളുടെ വ്യക്തിപരമായ നിക്ഷിപ്ത താൽപര്യങ്ങൾ വലിയ ഒരു നന്മക്ക് വേണ്ടി മാറ്റിവെച്ച്, ന്യായത്തിന്ന് വേണ്ടി നിലകൊള്ളുകയാണെങ്കിൽ മാത്രമേ സമാധാനത്തിലേക്കുള്ള മാറ്റങ്ങൾ സാധ്യമാകുകയുള്ളൂ. ഞാൻ നേരത്തെ പരാമർശിച്ചത് പോലെ ഇസ്‌ലാം പറയുന്നത്, നീതി എന്ന അടിത്തറയിലാണ് സമാധാനം കെട്ടിപടുക്കേണ്ടത് എന്നാണ്. വർഷങ്ങളായി ഞാൻ പറഞ്ഞു കൊണ്ടിരിക്കുന്നതും അക്കാര്യമാണ്. അതുകൊണ്ട് നമ്മുടെ കാലത്തെ ഈ അടിയന്തര പ്രശ്നത്തിന്നുമേൽ നമ്മുടെ ശ്രദ്ധ പതിയേണ്ടതുണ്ട്. ആസന്നമായ ഒരു മൂന്നാം ലോകമഹായുദ്ധത്തിലേക്ക് ലോകം അതിശീഘ്രം നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന് പല വർഷങ്ങളായി ഞാൻ മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ മറ്റു പലരും ആ ഒരു നിഗമനത്തിലെത്തിചേർന്നിരിക്കുകയാണ്.

വാസ്തവത്തിൽ ചില പ്രമുഖ വ്യക്തികൾ വിശ്വസിക്കുന്നത്. ഒരു ലോക മഹായുദ്ധം തുടങ്ങിക്കഴിഞ്ഞു എന്നാണ്. അതെന്തുമാകട്ടെ അത്തരത്തിലുള്ള ഒരു യുദ്ധത്തെ തടഞ്ഞുനിർത്താൻ ഇപ്പോഴും സമയമുണ്ട്. യുദ്ധത്തിന്റെ മുന്നോട്ടുള്ള പാതയിലാണെങ്കിലും പരിഹാരം അവശേഷിച്ചു നില്ക്കണം. ഞാനീക്കാര്യം പറഞ്ഞുകഴിഞ്ഞു. എല്ലാ നിക്ഷിപ്ത താൽപര്യങ്ങളും ദൂരെക്കളഞ്ഞ് നീതിയോടെ പ്രവർത്തിക്കുക. തീവ്രവാദികൾക്കുള്ള ആയുധവും ധനവും വിതരണം ചെയ്യു

ന്നത്. വിച്ഛേദിക്കലാണ് ഏറ്റവും നിർണ്ണായകമായ കാര്യം എന്ന് ഞാൻ ഇതിനുമുമ്പ് പലതവണ പറഞ്ഞിരുന്നു. ഈ വിഷയത്തിൽ പൂർണമായ ഒരു ശ്രമം നടന്നിട്ടുണ്ടോ എന്ന് പറയാൻ സാധ്യമല്ല. ഉദാഹരണത്തിന് ദ വാൾ സ്ട്രീറ്റ് ജേർണലിൽ ഈയ്യിടെ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ട് പ്രകാരം ദായിശി (ISIS)ന്ന് ഇറാഖ് സെൻട്രൽ ബാങ്കിൽ നടത്തിയ ലേലത്തിൽ വമ്പിച്ച തോതിൽ അമേരിക്കൻ ഡോളർ ലഭിച്ചിട്ടുണ്ട് എന്നാണ്. അമേരിയിലെ ഫെഡറൽ റിസർവ്വിൽ നിന്നും ഇറാഖിന്ന് നേരിട്ട് അതേ പ്രകാരം ഡോളർ ലഭിക്കുകയുണ്ടായി. ആ ലേഖനം പറയുന്നത്. 2015 ജൂൺ മുതൽ അമേരിക്കൻ ഗവൺമെന്റിന്ന് ഇക്കാര്യങ്ങൾ അറിയാമായിരുന്നു എന്നാണ്. എന്നാൽ ലോകശക്തികൾക്ക് വളരെ നേരത്തെ തന്നെ ഇത്തരം വ്യവഹാരങ്ങളെ പറ്റി അറിയാമായിരുന്നു എന്ന് ഞാൻ വ്യക്തിപരമായി വിശ്വസിക്കുന്നു. അതിലുപരിയായി എണ്ണ വിൽപനയിൽ നിന്നും ദായിശ് (ISIS) ന്ന് വരുമാനം ലഭിക്കുന്നു. പല ഗ്രൂപ്പുകളും ചില ഗവൺമെന്റുകൾ പോലും അവരിൽ നിന്നും എണ്ണ വാങ്ങുന്നു. എന്തുകൊണ്ട് ഈ എണ്ണ വ്യാപാരം നിർത്തലാക്കപ്പെടുന്നില്ല.? എന്തുകൊണ്ടാണ് സമഗ്രനിരോധനം ഇത്തരം ഇടപാടുകളെ ബാധിക്കാത്തത്? നാം കാണുന്നത് എണ്ണ ഒരു വാതിലൂടെ വരുമ്പോൾ ധാർമികത മറ്റൊരു വാതിലൂടെ പുറത്തേക്ക് പോകുന്നു എന്നാണ്. ഈ കാര്യമാണ് ഈയ്യിടെ എഴുതിയ ഒരു ലേഖനത്തിൽ ലണ്ടനിലെ കിംങ്ങ് കോളേജിലെ പ്രൊഫസർ ലെയിഫ് വെനാർ പറഞ്ഞത്. അദ്ദേഹം പറയുന്നു.

*'എണ്ണയുടെ ലഭ്യതക്ക് വേണ്ടി ലോകം സർവവിധത്തിലുള്ള അതിക്രമങ്ങളും സഹിക്കുകയാണ്. ധാരാളം മനുഷ്യവകാശധ്വംസനങ്ങൾ നടക്കുന്ന ദായിശിൽ നിന്നും സുഡാനിൽ നിന്നും രാജ്യങ്ങൾ എണ്ണ കടത്തി കൊണ്ടുവരികയാണ്. ഇത് അടിസ്ഥാനപരമായി കമ്പോളാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയുടെ ലംഘനമാണ്. അക്രമങ്ങൾ നിലനിൽക്കുന്ന സ്ഥലങ്ങളിൽ സ്വത്തിന്റെ യഥാർത്ഥ വിലകൾ സൃഷ്ടിക്കപ്പെടുന്നില്ല.'*



**ഒരു സ്ഥായിയായ ഗവൺമെന്റിനെ നിലനിർത്താൻ സമൂഹം ശ്രമിക്കുന്നതിനു പകരം സ്ഥായിയായ സമാധാനം സമൂഹത്തിൽ നിലനിർത്താൻ ഗവൺമെന്റ് ശ്രമിക്കേണ്ടതാണ്.**

Anurak Pongpatimet | Shutterstock.com

അതിലുപരിയായി ഈ അടുത്ത കാലത്തെ ഒരു ലേഖനങ്ങൾ ഇറാഖ് എനർജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ദായിശ് (ISIS) എങ്ങിനെയാണ് എണ്ണ വിൽപന നടത്തുന്നത് എന്ന് വിവരിക്കുകയുണ്ടായി.

*'ക്രൂഡ് ഓയിൽ ടാങ്കറുകളിലൂടെ അൽബാർ പ്രവിശ്യവഴി ജോർദാനിലേക്കും ഖുർദ്ദിസ്താൻ വഴി ഇറാനിലേക്കും, മൊസൂൾ വഴി തുർക്കിയിലേക്കും ലോക്കൽ മാർക്കറ്റുകൾ വഴി ഇറാഖിലെ ഖുർദ്ദിസ്താൻ മേഖലയിലേക്കും എത്തുന്നു. ഖുർദ്ദിസ്താൻ മേഖലയിലാണ് എണ്ണ പ്രാദേശികമായി സംസ്ക്കരിക്കപ്പെടുന്നത്. എണ്ണവ്യാപാരം അനധികൃതമായി ചെയ്യുന്നില്ല എന്നാണ് പറയുന്നത്. പക്ഷേ ഇക്കാര്യങ്ങൾ വസ്തുതാപരമായി ഈ അവകാശവാദം നിഷേധിക്കുകയാണ് ചെയ്യുന്നത്.'*

അതുകൊണ്ട് തീവ്രവാദവും ഭീകരവാദവും

***അതിലുപരിയായി എണ്ണ വിൽപനയിൽ നിന്നും ദായിശ് (ISIS) ന് വരുമാനം ലഭിക്കുന്നു. പല ഗ്രൂപ്പുകളും ചില ഗവൺമെന്റുകൾ പോലും അവരിൽ നിന്നും എണ്ണ വാങ്ങുന്നു. എന്തുകൊണ്ട് ഈ എണ്ണവ്യാപാരം നിർത്തലാക്കപ്പെടുന്നില്ല.? എന്തുകൊണ്ടാണ് സമഗ്രനിരോധനം ഇത്തരം ഇടപാടുകളെ ബാധിക്കാത്തത്? നാം കാണുന്നത് എണ്ണ ഒരു വാതിലൂടെ വരുമ്പോൾ ധാർമികത മറ്റൊരു വാതിലൂടെ പുറത്തേക്ക് പോകുന്നു എന്നാണ്.***



ഡായിശ് ഇറാഖ് സെന്റർ ബേങ്ക് മുഖാന്തിരം പണമിടപാട് നടത്തുന്നത് ഫെഡറൽ റിസർവ്വ് ബേങ്ക് വഴിയാണ്. ഇവരുടെ സാമ്പത്തികസ്രോതസ്സ് മരവിപ്പിക്കുകയാണെങ്കിൽ നമുക്ക് ഈ തീവ്രവാദ പ്രസ്ഥാനങ്ങളെ പെട്ടെന്ന് തന്നെ ഇല്ലായ്മ ചെയ്യാൻ കഴിയുന്നതാണ്.

Tetra Images | Shutterstock.com

വിപാടനം ചെയ്യാൻ കഴിയുന്നത്ര പരിശ്രമിക്കുന്നു. എന്ന അവകാശവാദം ഉന്നയിക്കുമ്പോൾ തന്നെ തെളിവുകൾ ഈ അവകാശവാദത്തെ ബലപ്പെടുത്തുന്നില്ല. ഈ വസ്തുതകളെല്ലാം നിലനില്ക്കെ ലോകത്ത് ഇപ്പോഴും സത്യസന്ധമായ നീതി നിലനില്ക്കുന്നു എന്ന് എങ്ങിനെ പറയാൻ സാധ്യമാകും.? സത്യസന്ധതയും ആത്മാർഥതയും അത്യുൽകൃഷ്ഠമായി ഗണിക്കപ്പെടുന്നു എന്നു എങ്ങനെ അവകാശപ്പെടാൻ സാധിക്കും? അതുപോലെ തന്നെ ഈയ്യിടെ ആഗോളതലത്തിൽ ആയുധവ്യാപാരത്തെ സംബന്ധിച്ച് ഒരു മീഡിയ ഡോക്യുമെന്ററി ഉണ്ടായിരുന്നു.

ഔദ്യോഗിക കണക്കുകൾ പ്രകാരം യുണൈറ്റഡ് സ്റ്റേറ്റ് 46.6 ബില്യൺ ഡോളറിന്റെ ആയുധങ്ങളാണ് ഈ വർഷം കയറ്റുമതി ചെയ്തത്. കഴിഞ്ഞ വർഷത്തേക്കാൾ 12 ബില്യൺ ഡോളർ അധികമാണ്. അതിലുപരിയായി ഈ ആയുധങ്ങളെല്ലാം വില്പന നടന്നത്. മദ്ധ്യപൗരസ്ത്യദേശത്തേക്കാണ്. അതിനനുസൃതമായി സിറിയ, ഇറാഖ്, യമൻ എന്നിവിടങ്ങളിലെ യുദ്ധം ആളിക്കത്തുകയാണ്. ഞാൻ വീണ്ടും ആവർത്തിച്ചു പറയുന്നു. അത്തരത്തിലുള്ള വ്യാപാരം നടക്കുകയാണെങ്കിൽ എങ്ങിനെ നീതിയും സമാധാനവും സ്ഥാപിതമാവും?

ഞാൻ നേരത്തെ ഉദ്ധരിച്ച കാര്യങ്ങളെല്ലാം പൊതുമണ്ഡലത്തിലുള്ള വസ്തുതകളാണ്. ബഹുമാന്യരായ വിശകലനവിദഗ്ദരുടെയും എഴുത്തുകാരുടെയും നിരീക്ഷണങ്ങളുമാണ്. സമൂഹത്തിന്റെ നാനാ തലങ്ങളിലും രാഷ്ട്രങ്ങൾ തമ്മിലുമുള്ള വ്യവഹാരങ്ങളിൽ നീതി തത്വങ്ങൾ പ്രകടമാവുകയും ചെയ്യുന്നില്ലെങ്കിൽ നമുക്ക് യഥാർത്ഥത്തിലുള്ള സമാധാനം ലോകത്ത് കാണുവാൻ സാധ്യമല്ല. നീതി പാലിക്കാതെ ദായിശ്(ISIS)നെയും അത്പോലെയുള്ള തീവ്രവാദി ഗ്രൂപ്പിനേയും അമർച്ച ചെയ്യാൻ ദശാബ്ദങ്ങളെടുത്തെന്നിരിക്കും. എന്തായിരുന്നാലും, ലോകം ഈ സന്ദേശം ശ്രവിച്ചുകൊണ്ട്

നീതി നടപ്പാക്കുകയും ഭീകരസംഘങ്ങൾക്കുള്ള ആയുധവിതരണവും ധനസഹായവും നിർത്തലാക്കാൻ ആത്മാർത്ഥശ്രമങ്ങൾ നടത്തുകയും ചെയ്യുകയാണെങ്കിൽ, അമേരിക്കയുടെ റിട്ടയേർഡ് മിലിറ്ററി ജനറൽ പറയുന്നത് പോലെ ദായിശിനെ അമർച്ച ചെയ്യാൻ 10 മുതൽ 20 വരെ വർഷം എടുക്കേണ്ടി വരില്ല. ഉടൻ തന്നെ ഈ ഭീകരസംഘടനയുടെ ശ്യംഖലാ പ്രവർത്തനം ഉന്മൂലനാശം വരുത്താൻ സാധിക്കും.

ഉപസംഹരിക്കട്ടെ. ലോകം അതിന്റെ സ്രഷ്ടാവിനെ അംഗീകരിക്കാതെയും അവനെ മനുഷ്യസമൂഹത്തിലെ പാലകനായി സ്വീകരിക്കാതെയും കണ്ട് ഒരിക്കലും തന്നെ യഥാർത്ഥ നീതി നടപ്പിലാക്കാൻ സാധ്യമല്ല യഥാർത്ഥ നീതി നടപ്പിലാവില്ല എന്ന് മാത്രമല്ല. അതിമാരകമായതും നമ്മുടെ ഭാവിതലമുറക്ക് കഠിനമായ ദുരന്തങ്ങൾ സമ്മാനിക്കുന്നതുമായ ഒരു ആണവയുദ്ധത്തെ നാം അഭിമുഖീകരിക്കേണ്ടതായും വരും. ലോകം ഈ യാഥാർത്ഥ്യം ഗ്രഹിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്. മാനവവംശത്തിന്റെ മുന്നോട്ടുള്ള സുഗമമായ ഗതിക്ക് നാം ഓരോരുത്തരും നമ്മെ കൊണ്ട് കഴിയുന്നതെല്ലാം ചെയ്യാൻ കഴിയട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ലോകത്തിന്റെ എല്ലാ ഭാഗത്തും യഥാർത്ഥ നീതിയിലധിഷ്ഠിതമായ സമാധാനം പുലരട്ടെ എന്നും ഞാൻ പ്രാർത്ഥിക്കുന്നു. ഈ വാക്കുകളോടു കൂടി ഞാൻ അവസാനിപ്പിക്കുന്നു. ഈ സാഹായ്നത്തിൽ ഞങ്ങളോടൊപ്പം ഒത്ത് ചേർന്ന ഞങ്ങളുടെ എല്ലാ അതിഥികൾക്കും ഒരിക്കൽ കൂടി എന്റെ കൃതജ്ഞത അറിയിക്കുന്നു.

അല്ലാഹു നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടെ. എല്ലാവർക്കും നന്ദി.

**വിവ: എ. എം. മുഹമ്മദ് സലീം.**




ഹുസൂർ (അയ്യദഹു) മൗനപ്രാർഥനയ്ക്ക് നേതൃത്വം നൽകുന്നു.




**ദൈവികാജ്ഞയാൽ മക്കയിൽ നിന്നും വിവിക്തമായ ഒരു ഉദ്‌ഘോഷണം ഉയർന്നു പൊങ്ങുകയുണ്ടായി. ഏകദൈവത്തെ ആരാധിക്കണമെന്ന് ജനങ്ങളോട് ആഹ്വാനം ചെയ്തു കൊണ്ടുള്ളതായിരുന്നു ആ വിളംബരം. അതോടൊപ്പം ഈ വിളിക്കത്തരം നൽകിയാൽ മാനവരാശിക്ക് യഥാർത്ഥത്തിലുള്ള അന്തസ്സും ആത്മാഭിമാനവും പുരോഗതിയും ആഹ്ലാദവും ഇഹപരലോകങ്ങളിൽ സംജാതമാവുമെന്നും ഇതോടൊപ്പം പ്രഖ്യാപനമുണ്ടായി.**

ആ ഉദ്‌ഘോഷണം പ്രവാചകന്മാരുടെ മുദ്രയായ റസൂൽ തിരുമേനി(സ)യുടെതായിരുന്നു. ചരിത്രത്തെ ഏറ്റവും അധികം സ്വാധീനിച്ച ഈ വ്യക്തിയുടെ വിശ്വപ്രശസ്തമായ ജീവചരിത്രം അയത്നലളിതമായി ആർക്കും ഗ്രഹിക്കാവുന്ന വിധം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് രേഖപ്പെടുത്തുന്നു.

വായിക്കുക: തിരുനബി ചരിത്രം

പുസ്തകം ലഭിക്കാൻ ബന്ധപ്പെടുക

http://www.alislam.org/library/books/Life-of-Muhammad.pdf

Purchase book at : noorulislam@qadian.in




പ്രക്ഷുബ്ദമായ ഒരു കാലഘട്ടത്തിലൂടെയാണ് ലോകം കടന്ന് പോകുന്നത്. ആഗോള സാമ്പത്തിക പ്രതിസന്ധി എല്ലാ ഘട്ടങ്ങളിലും പുതിയതും ഗുരുതരവുമായ അപകടങ്ങൾ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. രണ്ടാം ലോക മഹായുദ്ധ രൂപീകരണത്തിന്ന് സമാനമായ സമകാലീന സാഹചര്യം ഇപ്പോൾ വളരെ വ്യക്തമാണ്. സംഭവഗതികൾ ഒരു മൂന്നാം ലോക മഹായുദ്ധത്തിലേക്ക് നമ്മെ അതിവേഗം നയിക്കുന്നതായി കാണപ്പെടുന്നു. ഒരു ന്യൂക്ലിയർ യുദ്ധത്തിന്റെ കെടുതികൾ നമ്മുടെ ഭാവനക്കപ്പുറത്താണ് എന്ന കാര്യം ഓർക്കുക!

വാഗ്ദത്ത മസീഹിന്റെ അഞ്ചാം ഖലീഫയും ആഗോള അഹ്മദിയ്യാ സമൂഹത്തിന്റെ പരമാദ്ധ്യക്ഷനുമായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) അമേരിക്കയിലെ കാപിറ്റോൾ ഹിൽ, ഗ്രേറ്റ് ബ്രിട്ടനിലെ ഹൗസ് ഓഫ് കോമൺസ്, യൂറോപ്യൻ പാർലമെന്റ് എന്നിവിടങ്ങളിൽ വിശിഷ്ട വ്യക്തികളെയും ലോകത്തിലെ മറ്റു സുപ്രധാന സദസ്സുകളേയും അഭിസംബോധന ചെയ്ത് നടത്തിയ പ്രഭാഷണങ്ങളുടെ സമാഹരമാണ് ഈ പുസ്തകം. മാത്രമല്ല ലോക നേതാക്കന്മാർക്കയച്ച ചരിത്രമുല്യമുള്ള എഴുത്തുകളും ഈ പുസ്തകത്തിൽ ഉള്ളടങ്ങിയിട്ടുണ്ട്. അവയിലെല്ലാം ഖലീഫ തിരുമനസ്സ് ഊന്നി ഊന്നി ഓർമ്മിപ്പിക്കുന്നത് ആസന്നമായ ലോകവിപത്ത് തടയാനുള്ള പരമപ്രധാനമായ ഒരേയൊരു മാർഗ്ഗം ഓരോ രാഷ്ട്രങ്ങളും മറ്റുള്ളവരുമായുള്ള ഇടപാടുകളിൽ നീതി തത്വങ്ങൾ പാലിക്കുക എന്നതാണ്. അപര രാഷ്ട്രങ്ങളുമായി ശത്രുതയിൽ വർത്തിക്കുകയാണെങ്കിൽ പോലും എല്ലാ സന്ദർഭങ്ങളിലും നീതിതത്വങ്ങൾ പാലിക്കുക. കാരണം ഇത് മാത്രമാണ് എല്ലാ വിധത്തിലുള്ള ശത്രുതയും വിപാടനം ചെയ്ത് ശാശ്വത ശാന്തി നമുക്ക് പ്രദാനം ചെയ്യുക എന്നാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.

Read online at: www.alislam.org

Purchase the book here:
http://store.alislam.org/

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

1889 ൽ സ്ഥാപിക്കപ്പെട്ട ഇസ്‌ലാമിലെ അതിശീഘ്രം വളർന്നുകൊണ്ടിരിക്കുന്ന സജീവമായൊരു അന്തർദേശീയ ഇസ്‌ലാംമത പുനരുജ്ജീവന പ്രസ്ഥാനമാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്. കോടിക്കണക്കിന് അംഗങ്ങളുള്ള അഹ്മദിയ്യാ പ്രസ്ഥാനം 206 രാജ്യങ്ങളിൽ വ്യാപിച്ചു നിൽക്കുന്നു. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ ആസ്ഥാനം യുണൈറ്റഡ് കിംങ്ഡം ആണ്.

ദീർഘകാലമായി മുസ്‌ലിം സമൂഹം കാത്തിരുന്ന മസീഹ് വന്നുവെന്നു ആഗതനായ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) (1835-1908) ആണെന്നും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വിശ്വസിക്കുന്നു. മുഹമ്മദ് നബി(സ) അവസാനകാലത്ത് ആഗതനാകുമെന്ന് ആലങ്കാരികമായി നസറേത്തുകാരനായ യേശുവിനോട് ഉപമിച്ച് പറഞ്ഞ രണ്ടാം വരവാണ് ഹദ്റത്ത് അഹ്മദ്(അ)ൽ സംഭവിച്ചത്.

ദൈവിക ആജ്ഞപ്രകാരം ഏകദൈവത്തെ ആരാധിക്കുവാൻ മക്കയിൽ നിന്നും അനന്യമായ ഒരു പ്രഘോഷണമുയരുകയുണ്ടായി. ഈ ആഹ്വാനത്തിന്ന് പ്രത്യുത്തരം നൽകുമ്പോൾ മനുഷ്യകുലത്തിന് യഥാർത്ഥ പ്രതാപവും, ബഹുമതിയും, ഐശ്വര്യവും ആനന്ദവും ഇഹപര ലോകങ്ങളിൽ സംജാതമാവുമെന്നും പ്രഖ്യാപിക്കപ്പെട്ടു.

ആ ശബ്ദം പ്രവാചകന്മാരുടെ മുദ്രയായ ഹദ്റത്ത് മുഹമ്മദ് നബി(സ)യുടെ വചനമായിരുന്നു. ചരിത്രത്തിൽ ഏറ്റവും ജനസ്വാധീനമുള്ള ഈ വ്യക്തിയുടെ ജീവചരിത്രം എല്ലാവർക്കും എളുപ്പത്തിൽ മനസ്സിലാവും വിധം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) രേഖപ്പെടുത്തിയിരിക്കുന്നു. മതയുദ്ധങ്ങൾ അവസാനിപ്പിക്കുന്നയാളും. രക്തച്ചൊരിച്ചിലിൽ ഒഴിവാക്കാനും ധാർമികതയും നീതിയും ശാന്തിയും പുനസ്ഥാപിക്കാനുമാണ് യേശുവിനെപോലെ അഹ്മദ്(അ)നെയും ദൈവം അയച്ചതെന്ന് അഹ്മദികൾ വിശ്വസിക്കുന്നു. ഹദ്റത്ത് അഹ്മദി(അ)ന്റെ ആവിർഭാവത്തോടെ ഇസ്‌ലാമിൽ അഭൂതപൂർവ്വമായ ഒരു നവോത്ഥാനത്തിന്റെ കാലഘട്ടം സമാരംഭിച്ചിരിക്കുകയാണ്. ഹദ്റത്ത് അഹ്മദ് (അ) ഇസ്‌ലാമിന്റെ തനതായതും സാരവത്തുമായ അധ്യാപനങ്ങൾ ഊർജ്ജസ്വലതയോടെ പ്രചരിപ്പിച്ച് ഇസ്‌ലാമിനെ അസഹിഷ്ണുതാ പൂർണ്ണമായ വിശ്വാസങ്ങളിൽനിന്നും ആചാരങ്ങളിൽനിന്നും മുക്തനാക്കി. സൊറോസ്റ്റർ(അ), അബ്രഹാം(അ), മോസസ്(അ), യേശു(അ), ശ്രീകൃഷ്ണൻ(അ), ശ്രീബുദ്ധൻ(അ), കൺഫ്യൂഷസ്(അ), ലാവോത്സു(റ), ഗുരുനാനാക്ക്(റ) മുതലായ മതസ്ഥാപകരേയും പുണ്യാത്മാക്കളുടെയും ഉദാത്ത പാഠങ്ങൾ അദ്ദേഹം തിരിച്ചറിയുകയും ആ പുണ്യപാഠങ്ങളെല്ലാം എങ്ങിനെ ഇസ്‌ലാമിൽ കേന്ദ്രീകരിക്കപ്പെടുന്നു എന്ന് വിശദീകരിക്കുകയും ചെയ്തു.

ഭീകരവാദത്തിന്റെ സകല രൂപങ്ങളേയും അസന്നിഗ്ദമായി നിരാകരിക്കുന്ന പ്രമുഖമതസംഘടനയാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വൈയക്തികമായും, സാമൂഹികമായും, സാമ്പത്തികമായും, ദേശീയമായും അന്തർദേശീയമായും ശാന്തിയും സഹിഷ്ണുതയും എല്ലാ തലത്തിലും സ്ഥാപിക്കാൻ അതിന്റെ സകലകഴിവുകളും ഉപയോഗിച്ച് അഹ്മദിയ്യാ പ്രസ്ഥാനം ശ്രമിക്കുന്നു. അഹ്മദിയ്യാ മുസ്‌ലിം സമൂഹം ലോകത്ത് മതാന്തരീയ സമാധാനം കൊണ്ടുവരുവാനും കഠിനമായി യത്നിക്കുന്ന ഒരു പ്രസ്ഥാനമാണ്.

Malayalam

സമകാലീന ലോകത്ത് നടന്നു കൊണ്ടിരിക്കുന്ന യുദ്ധങ്ങൾ ഒരിക്കലും ഇസ്‌ലാമിന്ന് വേണ്ടിയോ മതത്തിന്ന് വേണ്ടിയോ അല്ല. അത് സാമ്പത്തികവും ഭൂകേന്ദ്രിതരാഷ്ടീയ താൽപര്യങ്ങൾക്ക് വേണ്ടിയുള്ളതാണ്. ഈ യുദ്ധങ്ങൾ ഇസ്‌ലാം മതത്തെ അപകീർത്തിപ്പെടുത്തുന്നതിന്ന് വേണ്ടി മാത്രമാണെന്ന് തെളിയിച്ചു കൊണ്ടിരിക്കുകയാണ്.

© Islam International Publications Ltd.
Published by Nazarat Nashr-o-Isha'at
Sadr Anjuman Ahmadiyya Qadian. 143516-Punjab, India
Printed in India @ Fazl-e-Umar Printing Press Qadian.
**Copies : 1000/2018 Feb**

For further information Please Visit:

www.alislam.org | www.ahmadiyyamuslimjamaat.in | www.mta.tv
Feedback : www.ahmadiyyamuslimjamaat.in/feedback

Noor-ul-Islam Toll Free Number 1800-3010-2131 (9:30am to 10:30pm)

Islam in India (Official Social Media Accounts of Ahmadiyya Muslim Jama'at India)

twitter.com/IslaminIND facebook.com/AMJIndia/ plus.google.com/+IslaminIndia

Muslim Television Ahmadiyya International
(www.mta.tv)

Satellite: Asia sat 7s, Degree:105.5 East, Frequency 3760H Symbol Rate: 26000 EFC:7/8
C.Band 4 feet Dish Antenna+Receiver-DVB-S,
EutelsatE70B, Degree:70°East, Frequency:11211, Symbol Rate:5111,
Polarization-HorizontalQPSK-1/2, Data Rate; 4.71mb KU Band 2 feet Dish
Antenna+Receiver-DVB-S2